**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 631** **08-10-2024 - ൽ മറുപടിയ്ക്ക്**

**വ്യവസായ സൗഹൃദ സംസ്ഥാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | വ്യവസായ സംരംഭകർക്ക് സൗഹാർദ്ദപരവും അനുകൂലവുമായ അന്തരീക്ഷം ഒരുക്കുന്നതിൽ സംസ്ഥാനത്തിന് ഒന്നാം സ്ഥാനം ലഭ്യമായത് ഏതൊക്കെ മാനദണ്ഡങ്ങൾ കണക്കിലെടുത്താണെന്ന് വിശദമാക്കാമോ? | (എ) | കേന്ദ്ര സർക്കാരിന്റെ വാണിജ്യ വ്യവസായ മന്ത്രാലയത്തിന് കീഴിലുള്ള ഡിപ്പാർട്ട്മെന്റ് ഫോർ പ്രൊമോഷൻ ഓഫ് ഇൻഡസ്ട്രി ആൻഡ് ഇന്റേണൽ ട്രേഡ് (ഡി.പി.ഐ.ഐ.ടി) സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും നടപ്പിലാക്കുന്നതിനായി 2014 മുതൽ സ്റ്റേറ്റ് ബിസിനസ്സ് റിഫോം ആക്ഷൻ പ്ലാൻ (SBRAP) പുറത്തിറക്കുന്നുണ്ട്. വ്യവസായങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന കർശനമായ നിയന്ത്രണങ്ങൾ ലളിതമാക്കുകയും നിക്ഷേപക സൗഹൃദമായ അന്തരീക്ഷം വളർത്തുകയും ചെയ്യുന്നത് വഴി ബിസിനസ്സ് അനുകൂലമായൊരു അന്തരീക്ഷം സംസ്ഥാനങ്ങളിൽ സൃഷ്ടിക്കുക എന്നതാണ് ഈ നടപടിക്രമങ്ങളുടെ ലക്ഷ്യം. പ്രസ്തുത നടപടികളിലൂടെ സംസ്ഥാനങ്ങൾക്കും, കേന്ദ്രഭരണ പ്രദേശങ്ങൾക്കും നടപ്പിലാക്കാനായി, ബിസിനസ്സ് റിഫോം ആക്ഷൻ പ്ലാനിന്റെ ഓരോ പതിപ്പിലും നിശ്ചിത പരിഷ്കരണ ശുപാർശകൾ, ഡി.പി.ഐ.ഐ.ടി നൽകുന്നു. ടി പരിഷ്കരണങ്ങൾ നടപ്പിൽ വരുത്തുന്നതും, ആയതിന്റെ ഉപഭോക്താക്കളുടെ ഇടയിൽ ഡി.പി.ഐ.ഐ.ടി നേരിട്ട് നടത്തുന്ന അഭിപ്രായ സർവേയും, മാനദണ്ഡമായി കണക്കിലെടുത്താണ്, ഓരോ തവണയും വ്യവസായ സൗഹൃദ സൂചികയിലെ സംസ്ഥാനങ്ങളുടെ സ്ഥാനം കേന്ദ്ര സർക്കാർ നിശ്ചയിക്കുന്നത്.<br><br>സ്റ്റേറ്റ് ബിസിനസ്സ് റിഫോം ആക്ഷൻ പ്ലാനിന്റെ 2022-ലെ പതിപ്പിൽ, 22 വകുപ്പുകൾ/ഏജൻസികളിലായി 30 പരിഷ്കരണ മേഖലകളിലായി 352 ആക്ഷൻ പോയിന്റുകൾ ഉണ്ടായിരുന്നു. ഈ പരിഷ്കാരങ്ങളിൽ 261 എണ്ണം ബിസിനസ്സ് കേന്ദ്രീകൃതവും ബാക്കി 91 എണ്ണം പൗരകേന്ദ്രീകൃതവുമായിരുന്നു. മേൽ പറഞ്ഞ 30 പരിഷ്കരണ മേഖലകളിൽ, ഒമ്പത് മേഖലകളിൽ ടോപ്പ് |

| | | | |
|---|---|---|---|
| | | | അച്ചീവർ പുരസ്കാരം നേടിയാണ് കേരളം ഒന്നാം സ്ഥാനത്തെത്തിയത്.<br><br>സംരംഭകർക്കിടയിൽ നടത്തിയ അഭിപ്രായ സർവ്വേയുടെ അടിസ്ഥാനത്തിൽ നിശ്ചയിക്കപ്പെട്ട 2022-ലെ റാങ്കിങ്ങിൽ പ്രസ്തുത മേഖലകളിൽ സംരംഭകരിൽ നിന്നും 95% പോസിറ്റീവ് ഫീഡ്ബാക്ക് സ്കോറോട്ടുകൂടിയാണ് കേരളം ഈ അഭിമാനകരമായ നേട്ടം സ്വന്തമാക്കിയത്. |

സെക്ഷൻ ഓഫീസർ